## പതിമൂന്നാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2566** **19.03.2015 -ൽ മറുപടിയ്ക്ക്**

### പ്ലാച്ചിമട കൊക്കോകോള വിക്ടിംസ് ആന്റ് കോമ്പൻസേഷൻ ക്ലയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ<br>" കെ.വി.വിജയദാസ്<br>ശ്രീമതി കെ.എസ്.സലീഖ<br>ശ്രീ. എം.ചന്ദ്രൻ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) രാഷ്ട്രപതിയുടെ അംഗീകാരത്തിനയച്ച പ്ലാച്ചിമട കൊക്കോകോള വിക്ടിംസ് ആന്റ് കോമ്പൻസേഷൻ ക്ലയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011, കേന്ദ്ര സർക്കാർ തിരിച്ചയച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ബിൽ കേന്ദ്രസർക്കാരിന് അയച്ചു കൊടുത്തിരുന്നത് എപ്പോഴായിരുന്നു ; ഇത് മടക്കി അയക്കുന്നതിന് എന്തുകാരണമാണ് കേന്ദ്രം പറഞ്ഞിരിക്കുന്നത്; മുൻ കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിരുന്ന നിലപാട് എന്തായിരുന്നു? | ബി) സംസ്ഥാന നിയമസഭ പാസ്സാക്കിയ "പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് & കോമ്പൻസേഷൻ ക്ലെയിംസ് സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011" ന്റെ കരട് ബിൽ 29.11.2013 ന് ബഹു.കേരള ഗവർണർ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. പരിസ്ഥിതിനിയമലംഘനം മൂലമുണ്ടാകുന്ന ദുരിതങ്ങൾക്കും തർക്കങ്ങൾക്കും പരിഹാരം കാണുന്നതിനായി ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ട് രൂപീകരിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത ട്രൈബ്യൂണ |

ലിനെ സമീപിക്കേണ്ടതാണെന്ന നിർദ്ദേശ ത്തോടെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രസ്തുത കരട് ബിൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കാതെ തിരിച്ചയ ക്കുകയാണുണ്ടായത്. കേന്ദ്ര സർക്കാരിന്റെ ഈ നിർദ്ദേശത്തിന്മേൽ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് സർക്കാർ അഡ്വക്കറ്റ് ജനറലിന്റെ നിയമോപദേശം ആരാഞ്ഞിരിക്കുകയാണ്.

മുൻ കേന്ദ്ര സർക്കാരിന്റെ സമയത്താണ് പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ചത്. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ പരിധിയിൽ പ്രസ്തുത ബില്ലിലെ വിഷയം ഉൾപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പ്രത്യേക ബിൽ രൂപീകരണത്തിന്റെ ആവശ്യകത സംബന്ധിച്ച് വിവിധ മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ട് മുൻ കേന്ദ്രസർക്കാർ വിശദമായ പരിശോധന നടത്തിയിരുന്നു.

സെക്ഷൻ ഓഫീസർ